പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 203

23.01.2014-ൽ മറുപടിക്ക്

## സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ,എം.എൽ.എ<br>ശ്രീ.അൻവർ സാദത്ത്, എം.എൽ.എ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ,എം.എൽ.എ<br>ശ്രീ. കെ.ശിവദാസൻ നായർ, എം.എൽ.എ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;വിശദമക്കുമോ; | (എ) | ഉണ്ട്. വാണിജ്യനികുതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ് എന്നീ വകുപ്പുകൾക്ക് ഒരേ സമയം പരിശോധനാ സൗകര്യം ലഭ്യമാക്കുന്ന സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 01.09.2011-ൽ അമരവിളയിൽ ആരംഭിച്ചു. വാഹനപരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം 27.11.2012 മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് ആരംഭിച്ചതിനാൽ വാഹനത്തിരക്ക് അനുഭവപ്പെടുന്നില്ല. മാത്രവുമല്ല ലോറി ഡ്രൈവേഴ്സിനും വ്യാപാരികൾക്കും വിവിധ ചെക്ക്പോസ്റ്റുകളിൽ കയറി ഇറങ്ങുന്നതിലേക്കുള്ള ബുദ്ധിമുട്ടുകൾ തന്മൂലം ഒഴിവാക്കി കിട്ടുകയും ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കുവാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കു നീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോ ജിത ചെക്ക്പോസ്റ്റുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേസമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വേഗത്തിൽ കടത്തിവിടുന്നതിന് സാധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും |

| | | | |
|---|---|---|---|
| | | | പ്രയോഗത്തിൽ കൊണ്ടു വരാൻ സാധിക്കും. |
| (സി) | ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത് ; വിശദമാക്കുമോ ; | (സി) | വാണിജ്യ നികുതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവയാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റിൽ പ്രവത്തിക്കുന്നത്. |
| (ഡി) | സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളെയെല്ലാം ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് ആക്കിമാറ്റുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്നനിലയിൽ വാളയാറിൽ വാണിജ്യനികുതി വകുപ്പ്, മോട്ടോർവാഹന വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവയെ സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ മുന്നോടിയായി സർക്കാരിന്റെ ഒരു പ്രതിനിധി സംഘം ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും അവിടെ പ്രവർത്തിച്ചുവരുന്ന ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനരീതികളുടെ അടിസ്ഥാനത്തിൽ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വാളയാർ, മുത്തങ്ങ, ബംഗ്ര മഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു |

സെക്ഷൻ ഓഫീസർ